ഹദീസ്

മുഹമ്മദ് സ്വാലിഹ് മുൻജിദ്

# മൂന്നു കാര്യങ്ങൾ ഹൃദയത്തെ നിർമലമാക്കും

عَنْ عَبْدِ ا لرَّحْمن بْن عَبْدِ الله بْن مَسْعُود عَنْ أَبِيهِ عَن النَّبِيّ صَلَّى الله عَلَيْه وَسَلَّم قَالَ: نَضَّرَ اللَّهُ امْرَأً سَمِعَ مَقَالَتِي فَوَعَاهَا وَحَفظَهَا وَبَلَّغَهَا ، فَرُبَّ حَامِلِ فِقْهٍ إِلَى مَنْ هُوَ أَفْقَهُ مِنْهُ ، ثَلاَثٌ لاَ يُغِلُّ عَلَيْهِنَّ قَلْبُ مُؤْمِنٍ، إِخْلاَصُ الْعَمَلِ لِلَّهِ وَمُنَاصَحَةُ أَئِمَّةِ الْمُسْلِمِينَ وَلُزُومُ جَمَاعَتِهِمْ، فَإِنَّ دَعْوَتَهُمْ تُحِيطُ مِنْ وَرَائِهِمْ

**അബ്ദുർറഹ്മാനു ബ്നു അബ്ദില്ല തന്റെ പിതാവിൽനിന്ന്. നബി (സ) പറഞ്ഞു: "എന്റെ വാക്ക് കേൾക്കുകയും അത് ഉൾക്കൊള്ളുകയും മനഃപാഠമാക്കുകയും മറ്റുള്ളവർക്കെത്തിക്കുകയും ചെയ്ത വ്യക്തിയുടെ കാര്യങ്ങൾ അല്ലാഹു പ്രശോഭനമാക്കട്ടെ. അറിവിന്റെ വാഹകരായി എത്രയെത്ര ആളുകളുണ്ട്, തങ്ങളേക്കാൾ ജ്ഞാനികളായവരിലേക്ക് അത് പകർന്നുകൊടുക്കുന്നവരായി. മൂന്ന് കാര്യങ്ങളുണ്ടെങ്കിൽ മുസ്‌ലിമിന്റെ ഹൃദയം ഒരിക്കലും വഞ്ചനയിൽ പെടുകയില്ല. പ്രവൃത്തി അല്ലാഹുവിനു വേണ്ടി മാത്രമായി ചെയ്യുക, മുസ്‌ലിം നേതൃത്വത്തെ ഗുണദോഷിക്കുക, സമൂഹത്തോടൊപ്പം നിൽക്കുക എന്നിവയാണവ. തീർച്ചയായും അവരുടെ ഈ ദൗത്യം അവർക്ക് സംരക്ഷണകവചമൊരുക്കുന്നു" (തിർമിദി, അഹ്മദ്).**

നബി (സ) നടത്തുന്ന ഒരു പ്രാർഥനയോടെയാണ് ഈ ഹദീസിന്റെ തുടക്കം. താൻ പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും ശരിയായി ഉൾക്കൊള്ളുകയും എന്നിട്ട് ആ വാക്യങ്ങൾ യാതൊരു പിഴവുമില്ലാതെ അവ കേട്ടിട്ടില്ലാത്ത ജനവിഭാഗങ്ങളിലേക്കെത്തിക്കുകയും ചെയ്യുന്നവരുടെ ജീവിതം മൊത്തം പ്രശോഭനമാകട്ടെ എന്നാണ് ആ പ്രാർഥന. 'നള്ളറ' എന്ന വാക്കിന് മുഖം പ്രശോഭിതമാവുക, ഹൃദയത്തിൽ ശാന്തിയും സമാധാനവും സംതൃപ്തിയുമുണ്ടാവുക, ജീവിതാവസ്ഥകൾ മെച്ചപ്പെടുക എന്നൊക്കെ അർഥം പറയാം. ഹദീസുകൾ ശരിയായി പഠിക്കുകയും ഉൾക്കൊള്ളുകയും എന്നിട്ടവ യാതൊരു പിഴവുമില്ലാതെ തന്റെ പിൻതലമുറയെയോ അവ കേൾക്കാനിടവന്നിട്ടില്ലാത്ത തന്റെ സമകാലികരെയോ പഠിപ്പിക്കുകയും ചെയ്യുന്നവർക്കുള്ളതാണ് ഈ സൗഭാഗ്യം. ഇമാം നവവിക്ക് തന്റെ 'നാൽപത് ഹദീസുകൾ' സമാഹരിക്കാൻ പ്രേരണയായത് ഈ ഹദീസാണ്. 'ആരൊക്കെ ഹദീസ് പഠിക്കുന്നുണ്ടോ അതിന്റെ ശോഭ അവരുടെ മുഖത്ത് കാണാതിരിക്കില്ല' എന്ന് സുഫ്‌യാനുബ്നു ഉയൈന പറഞ്ഞിട്ടുണ്ട്. ഇബ്നുൽ ഖയ്യിം എഴുതുന്നു: 'അറിവിന്റെ ശ്രേഷ്ഠതയെക്കുറിച്ച് ഈയൊരൊറ്റ നബിവചനമേ ഉള്ളൂവെങ്കിലും അത് മതിയാകുന്നതാണ്. കാരണം തന്റെ വചനങ്ങൾ കേട്ട് ഉൾക്കൊണ്ട് അവ മറ്റുള്ളവരിലേക്ക് എത്തിക്കുന്നവർക്കു വേണ്ടി പ്രത്യേകം പ്രാർഥിച്ചിട്ടുണ്ട് നബി (സ).' അതിനുള്ള കാരണവും ശേഷം വിശദീകരിക്കുന്നു. ഒരുപക്ഷേ നബിയിൽനിന്ന് ഹദീസ് നേരിൽ കേട്ടയാൾക്ക് അതിന്റെ അർഥതലങ്ങൾ മുഴുവനായി മനസ്സിലായിട്ടുണ്ടാവില്ല. പക്ഷേ താൻ നബിയിൽനിന്ന് കേട്ടത് അപ്പടി മറ്റൊരാൾക്ക് പകർന്നു നൽകുമ്പോൾ, താൻ ആർക്കാണോ പകർന്നു നൽകുന്നത് അയാൾക്ക് തന്നേക്കാൾ ഗ്രാഹ്യതയും ചിന്താശേഷിയും ഉണ്ടായെന്നിരിക്കാം. ആ ഹദീസിന്റെ പൊരുളുകൾ അയാൾക്കായിരിക്കാം കൂടുതൽ നന്നായി ഉരുത്തിരിച്ചെടുക്കാനാവുക. അപ്പോൾ കേട്ടയാൾ അറിവിന്റെ കേവലം വാഹകനായിരുന്നാൽ പോലും, പിൽക്കാലക്കാർക്ക് പല പുതിയ ഉൾക്കാഴ്ചകളും ഓരോ ഹദീസും പകർന്നുനൽകും എന്നതിനാൽ വാഹകനാവുക എന്ന ധർമവും വളരെ മഹത്തരം തന്നെ.

രണ്ടാമതായി ഈ ഹദീസിൽ പറയുന്ന കാര്യം, മൂന്ന് കാര്യങ്ങളിൽ നിഷ്കർഷയുണ്ടെങ്കിൽ വിശ്വാസിയുടെ ഹൃദയം ഒരിക്കലും ചതിയിൽ പെടുകയില്ല എന്നാണ്. ദുർവികാരങ്ങളൊന്നും ആ ഹൃദയത്തിൽ കൂടുകൂട്ടുകയില്ല എന്നും അർഥമാക്കാം. അതിലൊന്നാമത്തേത്, കർമങ്ങൾ നിസ്വാർഥമായിരിക്കുക എന്നതാണ്. കർമങ്ങൾക്ക് ഭൗതികമായ ലാഭേഛകൾ ഉണ്ടാകരുത്. മറ്റുള്ളവരെ കാണിക്കാനോ അവരുടെ പ്രീതി പിടിച്ചുപറ്റാനോ വേണ്ടിയും ആകരുത് കർമങ്ങൾ. എന്ത് കർമം ചെയ്യുമ്പോഴും അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രമേ കാംക്ഷിക്കാവൂ. അങ്ങനെയുള്ള ഒരാളുടെ ഹൃദയം സംശുദ്ധമായിരിക്കുമെന്ന് പറയേണ്ടതില്ല. സകല മനുഷ്യരെയും താൻ വഴിതെറ്റിക്കുമെന്ന് പിശാച് വീമ്പിളക്കുമ്പോഴും 'നിനക്കു മാത്രമായി കർമങ്ങൾ ചെയ്യുന്ന ദാസന്മാരെയൊഴികെ' എന്ന് അവൻ അല്ലാഹുവിനോട് പരാജയം സമ്മതിക്കുന്നുണ്ട് (*സ്വാദ്* 82,83). ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെടാൻ രണ്ടാമത്തെ മാർഗമായി ഹദീസിൽ പറയുന്നത്, മുസ്‌ലിം നേതൃത്വത്തെ ഗുണദോഷിക്കുകയും ഉപദേശിക്കുകയും ചെയ്യുക എന്നതാണ്. ഇത് നേതൃത്വവും പൊതുജനവും തമ്മിലുള്ള പരസ്പര ഉപദേശമാണ്. ഗുണകാംക്ഷയല്ലാതെ മറ്റു സ്വാർഥ താൽപര്യങ്ങളൊന്നും അതിലില്ല. നേതൃത്വവും അണികളും തമ്മിലുള്ള ബന്ധം ഇത്രമേൽ സുതാര്യവും ഊഷ്മളവുമാണെങ്കിൽ ഭിന്നിക്കാതെ അവർ ഒന്നിച്ചു നിലകൊള്ളുമല്ലോ. അതാണ് ഹൃദയം നിർമലമാകാനുള്ള മൂന്നാമത്തെ ഉപാധി. പ്രവാചകനും സച്ചരിതരായ പൂർവഗാമികളും കാണിച്ചുതന്ന വഴിയിൽ നിലയുറപ്പിക്കുമ്പോഴേ ഈ ഐക്യം സാധ്യമാവൂ എന്നും ഓർക്കേണ്ടതുണ്ട്. ഇത്ര ഉത്കൃഷ്ടമായ ദൗത്യം സമൂഹം ഏറ്റെടുക്കുന്നു എന്നതു തന്നെയാണ് പിശാചിന്റെ കെണികളിൽനിന്ന് വിശ്വാസിസമൂഹത്തെ കോട്ടകെട്ടി സംരക്ഷിക്കുന്നത്.' ●